# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4688
## 22.03.2018-ന് മറുപടി നൽകേണ്ടത്
## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൊടുത്ത ലോണുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ.റ്റി.എം.തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ലോണുകൾക്ക് വേണ്ടി നൽകുന്ന പ്രൊപ്പോസലുകൾ സമയബന്ധിതമായി പരിശോധിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടോ; വിശദമാക്കുമോ; | നിലവിലില്ല. |
| (ബി) | ഓരോ ജില്ലകളിലും ലഭിച്ച പ്രോജക്ടുകളുടെ വിശദ വിവരം ലഭ്യമാക്കുമോ ; | ഓരോ ജില്ലയിലും 2016 ജനുവരി മുതൽ ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | ഓരോ ജില്ലയിലും 2016 ജനുവരി മുതലുള്ള പദ്ധതികൾ എത്രയെന്നും, ഇതിൽ എത്ര പേർക്ക് ലോൺ കൊടുത്തുവെന്നും വ്യക്തമാക്കാമോ ; | (പട്ടിക ചുവടെ) |

| ജില്ല | സ്വീകരിച്ച പ്രോജക്ടുകൾ | അനുമതി നൽകിയവ |
|---|---|---|
| തിരുവനന്തപുരം | 146 | 145 |
| കൊല്ലം | 102 | 96 |
| പത്തനംതിട്ട | 59 | 58 |
| ആലപ്പുഴ | 95 | 92 |
| കോട്ടയം | 62 | 59 |
| ഇടുക്കി | 103 | 102 |
| എറണാകുളം | 204 | 199 |
| തൃശ്ശൂർ | 96 | 96 |
| പാലക്കാട് | 92 | 75 |
| മലപ്പുറം | 158 | 150 |
| കോഴിക്കോട് | 127 | 125 |
| വയനാട് | 135 | 135 |
| കണ്ണൂർ | 85 | 84 |
| കാസറഗോഡ് | 133 | 130 |
| **ആകെ** | **1597** | **1546** |

| | | |
|---|---|---|
| (ഡി) | ലോണുകൾക്കായി ലഭിക്കുന്ന പദ്ധതികളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ലോണുകൾക്കായി ലഭിക്കുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വിശദമായി പരിശോധിക്കാറുണ്ട്. ഒരു പദ്ധതി സമർപ്പിക്കുമ്പോൾ തന്നെ പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുകയും അത് തൃപ്തികരമായി ബോധ്യപ്പെട്ടാൽ സ്വീകരിക്കുകയും ചെയ്യുന്നു. പിന്നീട് പ്രസ്തുത പദ്ധതിയെ വിശദമായ ലീഗൽ, ടെക്നിക്കൽ, ഫിനാൻഷ്യൽ പരിശോധനകൾക്ക് വിധേയമാക്കുന്നു. ഇവയുടെ ഫലം തൃപ്തികരമാണെങ്കിൽ മാത്രം പദ്ധതി അംഗീകരിക്കുകയും ചെയ്യുന്നു. |
| (ഇ) | നിലവിൽ കെ.എഫ്.സി.യ്ക്ക് ലോൺ കുടിശ്ശികയായി ലഭിക്കാനുള്ള തുക എത്രയെന്നും, ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയ മറുപടി അനുസരിച്ച് 2018 ഫെബ്രുവരി മാസത്തിലെ കണക്കുകൾ പ്രകാരം കെ.എഫ്.സി.യ്ക്ക് ലോൺ കുടിശ്ശികയായി ലഭിക്കാനുള്ള തുക 410.13 കോടി രൂപയാണ്. |

| ജില്ല | കുടിശ്ശിക (കോടി രൂപ) |
|---|---|
| തിരുവനന്തപുരം | 107.37 |
| കൊല്ലം | 9.96 |
| പത്തനംതിട്ട | 18.21 |
| ആലപ്പുഴ | 19.35 |
| കോട്ടയം | 15.27 |
| ഇടുക്കി | 24.4 |
| എറണാകുളം | 85.81 |
| തൃശ്ശൂർ | 21.18 |
| പാലക്കാട് | 17.94 |
| മലപ്പുറം | 13.46 |
| കോഴിക്കോട് | 32.52 |
| വയനാട് | 10.02 |
| കണ്ണൂർ | 13.17 |
| കാസറഗോഡ് | 21.47 |
| **ആകെ** | **410.13** |

Sreelita

**സെക്ഷൻ ഓഫീസർ**